# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5986 | 19/11/2019-ൽ മറുപടിക്ക്

### ഇടിമുഴിക്കൽ, പറമ്പിൽപീടിക എന്നിവ കേന്ദ്രീകരിച്ച് പുതിയ സെക്ഷനുകൾ

| | ചോദ്യം<br><br>**ശ്രീ.അബ്ദുൽ ഹമീദ് പി.** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി കുന്നുപുറം, ചേളാരി, കൊണ്ടോട്ടി, തലപ്പാറ സെക്ഷനുകൾ വിഭജിച്ച് പെരുവള്ളൂർ പറമ്പിൽ പീടിക കേന്ദ്രീകരിച്ചും ചേളാരി, രാമനാട്ടുകര, പുളിക്കൽ സെക്ഷനുകൾ വിഭജിച്ച് ഇടിമുഴിക്കൽ കേന്ദ്രീകരിച്ചും പുതിയ കെ.എസ്.ഇ.ബി സെക്ഷനുകൾ ആരംഭിക്കണമെന്നും ആവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; | (എ) & (ബി) | നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. എന്നാൽ പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ-ൽ നടന്നു വരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി കെ.എസ്.ഇ.ബി.എൽ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. |
| (ബി) | പ്രസ്തുത നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | | |
| (സി) | ഈ സർക്കാർ വന്നതിനുശേഷം പുതിയ കെ.എസ്.ഇ.ബി സെക്ഷനുകൾ എവിടെയെല്ലാമാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി സെക്ഷൻ ഓഫീസുകൾ ഒന്നും അനുവദിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച 31 ഇലക്ട്രിക്കൽ സെക്ഷനുകളിൽ 14 സെക്ഷൻ ഓഫീസുകൾ ഈ സർക്കാരിന്റെ കാലത്താണ് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ